എം.റ്റി.(3)52901/2014

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 6.12.2014

e-mail - keralarcs@coop.kerala.gov.in
Website – www.cooperation.kerala.gov.in

**സർക്കുലർ നമ്പർ. 55/2014**

വിഷയം – സഹകരണ വകുപ്പ് – മൂന്നാം സഹകരണ ലൈബ്രറി കോൺഗ്രസ് 2014 – പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന – ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25.10.2011 ന് ചേർന്ന സ്റ്റീയറിംഗ് കമ്മിറ്റി യോഗ തീരുമാനം.

സഹകരണ പ്രസ്ഥാനത്തിന്റെ ശക്തിയും സ്വാധീനവും ശാസ്ത്ര സാങ്കേതിക രംഗം ഉൾപ്പെടെയുള്ള മേഖലകളിൽ ജനവിശ്വാസമാർജ്ജിച്ച് മുന്നേറുന്ന വർത്തമാനകാലത്ത് സഹകരണ ലൈബ്രറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വായന സംസ്ക്കാരം വളർത്തുന്നതോടൊപ്പം സഹകരണ രംഗത്തെ സാംസ്ക്കാരിക മുന്നേറ്റത്തിന് ആക്കം കൂട്ടുകയെന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ 3-ാമത് സഹകരണ ലൈബ്രറി കോൺഗ്രസ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കേരളത്തിന്റെ സാംസ്ക്കാരിക തലസ്ഥാനമായ തൃശ്ശൂരിലെ ജില്ലാ സഹകരണ ബാങ്ക് ആഡിറ്റോറിയത്തിൽ വച്ച് 2014 ഡിസംബർ മാസം 22-ാം തീയതിയാണ് സഹകരണ ലൈബ്രറി കോൺഗ്രസ് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നത്.

സഹകരണ ലൈബ്രറികൾ സ്ഥാപിച്ചിട്ടുള്ള സംസ്ഥാനത്തെ മുഴുവൻ സഹകരണ സ്ഥാപനങ്ങളുടെയും ഒരു പ്രതിനിധി സഹകരണ ലൈബ്രറി കോൺഗ്രസിൽ പങ്കെടുക്കേണ്ടതാണ്. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ നടപടികളിലൂടെ ആരംഭിക്കുന്ന ലൈബ്രറി കോൺഗ്രസ് അന്നേ ദിവസം വൈകുന്നേരം സമാപിക്കുന്നതാണ്. ഓരോ ജില്ലയിൽ നിന്നും പങ്കെടുക്കേണ്ട 60 പ്രതിനിധികളുടെ പേര് വിവരം അതാത് ജില്ല ജോയിന്റ് രജിസ്ട്രാർമാർ ക്രോഡീകരിച്ച് 15.12.2014 ന് മുൻപ് ജനറൽ കൺവീനറായ തൃശ്ശൂർ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർക്ക് നൽകേണ്ടതാണ്. അതാത് ജില്ലകളിലെ പ്രതിനിധികളുടെ രജിസ്ട്രേഷൻ നടപടികൾ അതാതു ജോയിന്റ് രജിസ്ട്രാർമാർ മുൻകൈയെടുത്ത് നിർവ്വഹിക്കേണ്ടതും, പ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതുമാണ്. സ്ഥാപനങ്ങളിൽ നിന്ന് വരുന്ന പ്രതിനിധികൾക്ക് കോൺഗ്രസിൽ പങ്കെടുക്കുന്നതിന് ബന്ധപ്പെട്ട സംഘത്തിൽ നിന്നും നിയമാനുസൃത യാത്രാപ്പടിക്ക് അർഹതയുണ്ടായിരിക്കുന്നതതാണ്.

ഒപ്പ്
എസ്. ലളിതാംബിക. ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3. ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്(ജോയിന്റ് രജിസ്ട്രാർ മുഖേന)
4. വെബ്സൈറ്റ്
5. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എച്ച്.വി/എം.റ്റി)